(ബി-ഡി) പ്രസ്തുത പദ്ധതിക്ക് 2011 സാമ്പത്തിക വർഷം 2,80,08,000 രൂപ അനുവദിക്കുകയും 25-5-2011-ന് മേൽ തുക ഡി.ഡി.യായി കെപ്കോ എം.ഡി. കൈപ്പറ്റുകയും ചെയ്തിരുന്നു. എന്നാൽ ലേബർ ചാർജ്, മെറ്റീരിയൽ ചാർജ് എന്നിവയിൽ ഉണ്ടായ വർദ്ധനവ് കാരണം അനുവദിച്ച തുകകൊണ്ട് പദ്ധതി നടപ്പിലാക്കുവാൻ കഴിയുകയില്ലെന്നും യൂണിറ്റുകളുടെ എണ്ണം 51 ആയി കുറയ്ക്കുകയോ അധിക തുക അനുവദിക്കുകയോ ചെയ്യണമെന്ന് കെപ്കോ ശിപാർശ ചെയ്യുകയും ആയതു പ്രകാരം കെപ്കോയ്ക്ക് അനുവദിച്ച തുകയും ആയതിന്റെ പലിശയും ഉൾപ്പെടുത്തി 3,27,41,000 തുകയ്ക്കുള്ള പുതുക്കിയ പ്രൊപ്പോസൽ വകുപ്പുതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കുകയും G.O.(Rt)No.218/15/SCSTDD തീയതി 9-2-2015 പ്രകാരം ആയതിന് പുതുക്കിയ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് അടിയന്തരമായി ആരംഭിക്കുന്നതിന് കെപ്കോ മാനേജിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

നിയമബിരുദധാരികൾക്ക് നൽകുന്ന ധനസഹായം

256 (3692) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) G.O. (Rt) 1493/2012/BCDD തിരുവനന്തപുരം തീയതി 20-11-2012 ഉത്തരവ് അനുസരിച്ച് പിന്നോക്ക സമുദായ വികസന വകുപ്പ് ഡയറക്ടറുടെ 24-9-2014, 25-9-2014 തീയതികളിലെ BCDD/A1/1777/2014 അനുസരിച്ച് നിയമബിരുദധാരികൾക്ക് വേണ്ടിയുള്ള സർക്കാർ ധനസഹായത്തിന് എത്ര അപേക്ഷകർ ഉണ്ടായിരുന്നു വെന്നത് പേരുവിവരം സഹിതം ലഭ്യമാക്കുമോ ;

(ബി) 2013 നവംബർ ഒന്നിനും 2014 സെപ്റ്റംബർ 30-നും ഇടയിൽ എൻറോൾ ചെയ്ത് സംസ്ഥാനത്ത് പ്രാക്ടീസ് ചെയ്യുന്ന എല്ലാ അപേക്ഷകരുടേയും പട്ടിക, പേര്, ജാതി, ജനനത്തീയതി, വരുമാനം, മാർക്കിന്റെ ശതമാനം, നിയമബിരുദം പാസായത് എത്രാം തവണ, യൂണിവേഴ്സിറ്റിയുടെ പേര് എന്നിവ എൻറോൾമെന്റിനുശേഷം പ്രാക്ടീസ് ചെയ്യുന്നുവെന്ന ഉറപ്പ് വരുത്തുന്നതിന് സ്വീകരിച്ചിട്ടുള്ള തെളിവുകളുടെ വിവരങ്ങൾ സഹിതം അറിയിക്കുമോ ;

(സി) 1-11-2013-നും 31-4-2014-നും (2014-15) അഡ്വക്കേറ്റ് ഗ്രാന്റായി എത്ര തുക അനുവദിച്ച് ലഭ്യമായെന്ന് അറിയിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അനുവദിച്ച തുക, ചെലവഴിച്ച വിവരം, ഗ്രാന്റ് ലഭ്യമായവരുടെ പേര് സഹിതം വെളിപ്പെടുത്തുമോ ;

(ഇ) മുൻവർഷത്തെ ഗ്രാന്റ് കടിശ്ശിക 2014-15 വർഷത്തേക്കായി അനുവദിച്ചതിൽ നിന്നും നൽകുന്നതിന് നിയമസാധുതയുണ്ടോയെന്നു വ്യക്തമാക്കുമോ ; എത്ര പേർക്ക് ഇത്തരത്തിൽ ഗ്രാന്റ് നൽകിയെന്ന് പേരു വിവരം സഹിതം അറിയിക്കുമോ ;

(എഫ്) ഒരു ലക്ഷം രൂപയിൽ താഴെ വരുമാനം ഉള്ളവരെ ഒഴിവാക്കി മുൻവർഷത്തെ അപേക്ഷകർക്ക് ഇത്തരത്തിൽ തുക അനുവദിക്കുന്നതിന് ഉത്തരവ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ ; ഉത്തരവ് ഇല്ലായെങ്കിൽ ഏതു മാനദണ്ഡത്തിൽ കടിശ്ശിക തീർക്കുന്നതിന് തുക അനുവദിച്ച് നൽകിയെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) 133 അപേക്ഷകൾ ഉണ്ടായിരുന്നു. (പേരു വിവരം അനുബന്ധം - 1 ആയി ചേർത്തിട്ടുണ്ട്.)*

(ബി) വിവരങ്ങൾ അനുബന്ധം- 2 ആയി ഇതോടൊപ്പം ഉൾക്കൊള്ളിക്കുന്നു.*

(സി) 2014-15 ബഡ്ജറ്റ് വിഹിതമായി 12 ലക്ഷം രൂപ അനുവദിച്ചു.

(ഡി) 12 ലക്ഷം രൂപ. അനുബന്ധം - 3 - ൽ രേഖപ്പെടുത്തുന്നു.*

(ഇ) മൂന്ന് ഗഡുക്കളായി നൽകുന്ന പദ്ധതിയാണിത്. 2012-2013 ആദ്യഘട്ട ഗ്രാന്റ് ലഭിച്ചവരിൽ 49 പേർക്ക് മൂന്നാം ഗഡു ആണ് അനുവദിച്ചത് കടിശ്ശികയല്ല അനുവദിച്ചത്.

(എഫ്) അഡ്വക്കേറ്റ് ഗ്രാന്റ് പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവർക്ക് മൂന്ന് വർഷം ഗ്രാന്റ് അനുവദിക്കുന്ന പദ്ധതിയാണ്. ആദ്യ പരിഗണന മുൻവർഷം ആനുകൂല്യം നൽകിയവർക്കാണ്. അവശേഷിക്കുന്ന തുക പുതിയ അപേക്ഷകർക്ക് ലഭ്യതയുടെ അടിസ്ഥാനത്തിൽ അനുവദിച്ചു. അതിനായി പ്രത്യേക സർക്കാർ ഉത്തരവിന്റെ ആവശ്യമില്ല. ഡയറക്ടറുടെ നടപടി ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് തുക അനുവദിക്കുന്നത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly